LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി നിഷാത്തിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി

9 (1062) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനത്തിനിടയിൽ മരണപ്പെട്ടുപോയ മുസ്തഫയുടെ വിധവ ശ്രീമതി നിഷാത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 18017/D3/14/ഉ.വി. നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ എന്തായിരുന്നു ; വിശദമാക്കുമോ ;

(സി) പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

വെമ്പല്ലൂർ എം.ഇ.എസ്. അസ്സാബി കോളേജിൽ ലാബ് അസിസ്റ്റന്റായിരുന്ന ശ്രീ. കെ. മുഹമ്മദ് മുസ്തഫ അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് 22-1-1999 മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് എം.ഇ.എസ്. മാനേജ്മെന്റ് ഉത്തരവിട്ടിരുന്നു. ഇതിനുശേഷം കെ. മുഹമ്മദ് മുസ്തഫ 15-3-2011-ൽ മരണപ്പെട്ടിരുന്നു.

പരേതനായ കെ. മുഹമ്മദ് മുസ്തഫയുടെ ഭാര്യയായ ശ്രീമതി എ. പി. നിഷാത്ത് പെൻഷൻ അനുവദിക്കണമെന്ന അപേക്ഷയുമായി സർക്കാരിനെ സമീപിക്കുകയുണ്ടായി. ടി അപേക്ഷയുടെ വെളിച്ചത്തിൽ പിരിച്ചുവിടൽ നടപടി എം.ഇ.എസ്. മാനേജ്മെന്റ് പുനഃപരിശോധിക്കുകയും 22-1-1999 മുതൽ മുൻകാല പ്രാബല്യത്തോടെ സർവ്വീസിൽ തിരിച്ചെടുത്തു കൊണ്ട് 2-12-2013-ൽ ഉത്തരവാകുകയും ചെയ്തിരുന്നു. കെ. മുഹമ്മദ് മുസ്തഫയെ സർവ്വീസിൽ തിരിച്ചെടുത്ത 22-1-1999 മുതൽ മരണമടഞ്ഞ തീയതിയായ 15-3-2011 വരെയുള്ള കാലാവധി ശൂന്യവേതനാവധി/സ്പെഷ്യൽ കാഷ്വൽ ലീവായി ക്രമവത്കരിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ ഫയൽ പരിശോധിച്ചശേഷം ലീവ് അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിലേക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭിച്ചാലുടൻ തന്നെ ഈ ഫയലിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.